**വയനാട് ജില്ലയിലെ മൂപ്പൈനാട് പഞ്ചായത്തിൽ പശ്ചിമഘട്ട മലനിരകളുടെ ചരിവിൽ വരുന്ന വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (വിംസ്) മെഡിക്കൽ കോളേജ് പദ്ധതി വയനാട്ടിലെ ആരോഗ്യ പിന്നോക്കാവസ്ഥയ്ക്ക് യാതൊരു മാറ്റവും വരുത്തില്ലെന്നുമാത്രമല്ല നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും മെഡിടൂറിസം വഴി വരുന്ന വിദേശനാണ്യമാണ് ഇതിന്റെ പിന്നിലെ താത്പര്യമെന്നും ഡോ. പി.ജി. ഹരി**

# ആരുടെ ആരോഗ്യമാണ് മൂപ്പൈനാട് മെഡിടൂറിസം പരിഗണിക്കുന്നത്?

**ആരോഗ്യരംഗത്തെ** സേവനങ്ങളിൽ നിന്ന് ഗവൺമെന്റുകൾ പിന്മാറുകയും അവിടേക്ക് ലാഭം മാത്രം ആശയ ശാസ്ത്രമായി സ്വീകരിച്ച കുത്തകകൾ വൻ മുടക്കു മുതലിൽ അത്യാഢംബര സ്ഥാപനങ്ങളുമായി കടന്നുവരികയും ചെയ്തതോടുകൂടി കേരളത്തിലെ ആരോഗ്യ രംഗത്തിന്റെ പതനം ആരംഭിച്ചു. പുത്തൻ സാമ്പത്തിക നയങ്ങൾ, ഉദാരവത്ക്കരണം, നയരൂപീകരണ സമിതികളിലെ ആരെയും ലജ്ജിപ്പിക്കുന്ന അഴിമതി, ബാഹ്യസമ്മർദ്ദങ്ങളെയും പ്രലോഭനങ്ങളെയും മറികടക്കാൻ ആർജ്ജവമുള്ള ഉദ്യോഗസ്ഥരുടെ അഭാവം, തുടങ്ങി നിരവധി ഘടകങ്ങൾ നില കൂടുതൽ വഷളാക്കി. കേരളത്തിന്റെ ആരോഗ്യ നിലവാരവും ബോധവും ലോക നിലവാരത്തിനും മുകളിലാണെന്ന് അഭിമാനിക്കുമ്പോൾ തന്നെ പോഷകാഹാരകുറവും, ജീവിത നിലവാരത്തിലുള്ള അന്തരവും, ജീവിത ശൈലി രോഗങ്ങളും മരുന്നുകളോടുള്ള അമിതമായ ആസക്തിയും വർദ്ധിച്ചു വരുന്ന രോഗാതുരതയും കടുത്ത പ്രതിസന്ധിയായി മാറിക്കഴിഞ്ഞിരുന്നു. ഇത് തിരിച്ചറിഞ്ഞ് ക്രിയാത്മകവും യുക്തവുമായി പരിഹരിക്കുന്നതിനു പകരം അവഗണിക്കുകയാണ് ഈ രംഗത്തെ ബന്ധപ്പെട്ടവർ ചെയ്തത്. യുക്തിപൂർണ്ണമായ ആരോഗ്യബോധവും വൈവിധ്യമാർന്ന ചികിത്സാ പദ്ധതികളും സമഗ്രമായ വൈദ്യശാസ്ത്രങ്ങളും ഉണ്ടായിരുന്ന ഇന്ത്യയടക്കമുള്ള മൂന്നാം ലോക രാജ്യങ്ങളിലെ ഉയർന്നുവരുന്ന ജനസംഖ്യയും അതുവഴി ഉണ്ടാകാൻ പോകുന്ന കമ്പോള സാധ്യതകളും മാത്രമായിരുന്നു അന്താരാഷ്ട്ര ആരോഗ്യ ഏജൻസികളുടെ നയരൂപീകരണത്തെ സ്വാധീനിച്ചിരുന്നത്. രോഗ കാരണങ്ങളുടെ അന്വേഷണത്തെ രോഗാണുവിൽ അവസാനിപ്പിക്കുവാനും ഇത് കാരണമായി. രോഗം, ആരോഗ്യം, പ്രകൃതി, ശുദ്ധവായു, ജലം, കാട്, സ്വാഭാവിക പ്രതിരോധശേഷി, മാനസിക ഘടകങ്ങൾ, ജീവിത സാഹചര്യങ്ങൾ തുടങ്ങിയവയ്ക്ക് അർഹിക്കുന്ന പരിഗണന നൽകുന്നതിനോ അവയുടെ പാരസ്

പര്യത്തിന് മുറിവേൽപ്പിക്കാതിരിക്കുന്ന തരത്തിൽ ആരോഗ്യബന്ധം ഉയർത്തുന്നതിനോ ശ്രമിച്ചില്ല.

ആരോഗ്യ വിദ്യാഭ്യാസ മേഖലയിലും സമാനമായ അവസ്ഥ സംജാതമായി. വൻ മുതൽമുടക്കുമായി ടൂറിസം വ്യവസായ മേഖലയിൽ നിന്നു മെഡിക്കൽ വിദ്യാഭ്യാസ രംഗത്തേക്ക് നിക്ഷേപകർ ഒഴുകി. കേരളത്തിൽ 1990 കളോടെ ലാഭ താൽപര്യത്തോടെ മാത്രം പ്രവർത്തിക്കുന്ന നിരവധി മെഡിക്കൽ സ്വാശ്രയ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളോ നിലവാരമുള്ള പഠനാന്തരീക്ഷമോ ഇല്ലാതെ സമ്പന്നരായ രോഗികളെയും അതിസമ്പന്നരായ മെഡിക്കൽ വിദ്യാർത്ഥികളെയും മാത്രം ലക്ഷ്യം വെച്ച് കേരളത്തിന്റെ പാരിസ്ഥിതിക - സാമൂഹിക സന്തുലിതാവസ്ഥകളെ വെല്ലുവിളിച്ചുകൊണ്ട് ഉയർന്നു വന്നു. ഇത്തരം സ്ഥാപനങ്ങളിൽ കാര്യക്ഷമമായ നിരീക്ഷണമോ, സാമൂഹിക നീതിയും, തുല്യതയും ഉറപ്പുവരുത്തുന്ന നിയന്ത്രണങ്ങളോ ഉറപ്പാക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെട്ടു. ഇത് അധാർമ്മിക മരുന്നു പരീക്ഷണങ്ങൾക്കും അത്യാവശ്യമില്ലാത്ത പരിശോധനകൾക്കും നിസ്സഹായരായ രോഗികളെ ദുരുപയോഗം ചെയ്യുന്ന അവസ്ഥയിലേക്കും എത്തിച്ചതിന്റെ പുതിയ വാർത്തകൾ ദിനംപ്രതിയെന്നോണം പുറത്ത് വന്നുകൊണ്ടിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ വേണം വൈത്തിരി താലൂക്കിലെ മൂപ്പൈനാട് പഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (വിംസ്) എന്ന മെഡി ടൂറിസം മെഡിക്കൽ കോളേജ് പദ്ധതിയെ കാണേണ്ടത്.



പച്ചപ്പുകൾക്ക് നടുവിൽ ഉയരുന്ന  വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്

**അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള പശ്ചിമഘട്ട നിരകളിൽ ഉൾപ്പെടുന്ന പ്രദേശത്താണ് വിംസ് വരുന്നത്. വ്യാപകമായി മരം മുറിച്ചുമാറ്റിയും കുന്നിടിച്ചും കാരാപ്പുഴ ജലസംഭരണിയിലേക്കുള്ള നീർച്ചാലിന്റെ സ്വാഭാവിക ഒഴുക്കിനെ തടയണകെട്ടി തടഞ്ഞും മണ്ണിട്ടു നികത്തിയുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. നിയമപരമായ അനുമതിയോ നിയമസാധ്യതയോ ഇല്ലാതെയാണ് നീർച്ചാലുകൾ തടഞ്ഞു നിറുത്തി ഉപയോഗിക്കുകയും മലിനപ്പെടുത്തുകയും ചെയ്യുന്നത്.**

## വിംസ് മെഡി ടൂറിസം

വൈത്തിരി താലൂക്കിലെ മൂപ്പൈനാട് പഞ്ചായത്തിൽ പശ്ചിമഘട്ട മലനിരകളുടെ ചരിവിൽ 70 വർഷത്തിൽ അധികമായി തോട്ടമായി നിലനിർത്തിയിരിക്കുന്ന കോളേരി എസ്റ്റേറ്റിന്റെ നിയമപരമല്ലാത്ത കൈമാറ്റവും തരംമാറ്റലും അവിടുത്തെ തൊഴിലാളികൾ പോലും അറിയാതെ രഹസ്യമായാണ് നടത്തിയെടുത്ത്. സത്യസന്ധരായ ഉദ്യോഗസ്ഥർക്ക് മുകളിൽ പോലും സമ്മർദ്ദം ചെലുത്തിയാണ് 2010 അവസാനത്തോടുകൂടി ഈ സ്ഥാപനം തുടങ്ങുന്നതിനുള്ള രേഖകൾ നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ചുകൊണ്ടും ആരംഭിക്കുന്നതെന്ന് രേഖകളുടെ പരിശോധനയിൽ സുവ്യക്തമാണ്. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മൂപ്പൈനാട് പഞ്ചായത്ത് ബ്ലോക്ക് നമ്പർ 29, 30 സർവ്വേ നമ്പർ 64/1, 64/2, 658/4 ലായി വ്യാപിച്ചു കിടക്കുന്ന 450 ഏക്കർ തോട്ടം ഭൂമിയുടെ രേഖകൾ ആണ് പദ്ധതി നിർമ്മാണ സ്ഥലമായി സമർപ്പിച്ചിരിക്കുന്നത്.

## പരിസ്ഥിതി പ്രശ്നങ്ങൾ അവഗണിക്കപ്പെടുന്നു

കേരളത്തിലെ തന്നെ ഏറ്റവും മികച്ച കുടിവെള്ള സംഭരണിയും ശുദ്ധജല സ്രോതസ്സുമായ കാരാപ്പുഴയുടെ പദ്ധതി പ്രദേശവുമായി രണ്ട് അതിർത്തി പങ്കിടുന്നതാണ് പ്രസ്തുത 450 ഏക്കർ തോട്ടഭൂമി. കൽപ്പറ്റ മുൻസിപ്പാലിറ്റിയിലേയും വൈത്തിരി താലൂക്കിലെ വിവിധ പഞ്ചായത്തുകൾ, ബത്തേരി, നൂൽപ്പുഴ, മീനങ്ങാടി, പൂതാടി പഞ്ചായത്തുകളിലും പൊതുജല വിതരണത്തിനായി ആശ്രയിക്കുന്നത് കാരാപ്പുഴ പദ്ധതിയാണെന്നും ഇത്തരത്തിൽ ഒരു സ്വകാര്യപദ്ധതി വളരെ വലിയ തോതിൽ ജലവിനിയോഗവും ജൈവ-മാലിന്യങ്ങളുടെ ഉത്പാദനവും നടക്കുന്ന പദ്ധതിയെക്കുറിച്ച് ആലോചനാഘട്ടത്തിലോ അനുമതി നൽകിയ ഘട്ടത്തിലോ ബന്ധപ്പെട്ട അധികാരികൾ ആരുംതന്നെ ഇതിന്റെ പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പരിഗണിച്ചിട്ടില്ലയെന്നു കാണാം. പൊതുജനങ്ങൾക്ക് ഭാവിയിൽ ഉണ്ടാകുമെന്ന് ഉറപ്പുള്ള ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് യാതൊരു പഠനവും നടത്തിയിട്ടില്ല.

ഒരു നാടിന്റെ പൊതു സ്വത്തായ കുടിവെള്ള സംഭരണിക്ക് തൊട്ടടുത്ത് ഇത്രയധികം മലിനീകരണ സാധ്യതയും, പരിസ്ഥിതിയെ തിരിച്ചുപി

ടിക്കാൻ കഴിയാത്ത വിധം ഗുരുതരമായി നശിപ്പിക്കുകയും ചെയ്യുന്ന സ്വകാര്യ മെഡിക്കൽ കോളേജ് പദ്ധതിയ്ക്ക് യാതൊരുവിധ ശാസ്ത്രീയ പഠനങ്ങളും നടത്താതെ അനുമതി നൽകുന്ന ആദ്യത്തെ സംസ്ഥാനം - ഒരുപക്ഷേ ലോകത്ത് തന്നെ ആദ്യത്തേത് - വയനാട്ടിലെ വിംസിന് അനുമതി നൽകിയ കേരളമായിരിക്കും. ജനങ്ങളുടേയും സാമൂഹിക പരിസ്ഥിതി പ്രവർത്തകരുടേയും ശക്തമായ ഇടപെടൽ ഉണ്ടായിട്ടില്ലെങ്കിൽ ഭാവിയിൽ ദുരന്തഫലങ്ങൾ പ്രവചനാതീതമായിരിക്കുമെന്ന് ഉറപ്പാണ്.

അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള പശ്ചിമഘട്ട നിരകളിൽ ഉൾപ്പെടുന്ന പ്രദേശമാണിത്. വ്യാപകമായി തരം മാറ്റിയും കുന്നിടിച്ചും, കാരാപ്പുഴ ജലസംഭരണിയിലേക്കുള്ള നീർച്ചാലിന്റെ സ്വാഭാവിക ഒഴുക്കിനെ തടയണകെട്ടി തടഞ്ഞും, മണ്ണിട്ടു നികത്തിയുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. യാതൊരുവിധ നിയമപരമായ അനുമതിയോ മറ്റെന്തെങ്കിലും തരത്തിലുള്ള നിയമസാധ്യതയോ ഇല്ലാതെയാണ് ഇങ്ങനെ നീർച്ചാലുകൾ തടഞ്ഞു നിറുത്തി ഉപയോഗിക്കുകയും മലിനപ്പെടുത്തുകയും ചെയ്യുന്നത്. ഇത് ഗൗരവകരമായ ക്രിമിനൽ കുറ്റമാണെങ്കിലും പഞ്ചായത്തിലേയും പരിസ്ഥിതി വകുപ്പിലെയും കാരാപ്പുഴ പദ്ധതി ഓഫീസിലേയും ബന്ധപ്പെട്ട അധികാരികൾ ആരും തന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നത് ഗുരുതരമായ കൃത്യവിലോപമാണ്. സാധാരണക്കാരും കർഷക തൊഴിലാളികളും ചെറുകിട കർഷകരുമായ ഭൂരിഭാഗം വരുന്ന പ്രദേശവാസികൾക്ക് ഈ സ്ഥാപനം എത്രകണ്ട് ഗുണകരമാകുമെന്നുള്ളതിന് ലഭ്യമായ പ്രൊജക്ട് റിപ്പോർട്ട്, ട്രസ്റ്റിന്റെ പ്രവർത്തന രേഖകൾ ഇവയിൽ യാതൊരു ഉറപ്പോ, തെളിവുകളോ ഇല്ല. മാത്രമല്ല ആരംഭിക്കാൻ പോകുന്ന പദ്ധതിയുടെ പ്രചരണ ലഘുലേഖയിലൂടെ കടന്നു പോകുന്ന ആർക്കും ഇത് സാധാരണക്കാർക്കും തദ്ദേശവാസികൾക്കും അപ്രാപ്യമായിരിക്കുമെന്ന് ബോധ്യമാകും.

ലോകപൈതൃക പട്ടികയിൽ ഉൾപ്പെടുത്തുകയും വംശനാശത്തിന്റെ വക്കിൽ നിൽക്കുന്ന നിരവധി സസ്യജന്തുജാലങ്ങളുടെ ആവാസകേന്ദ്രം കൂടിയാണ് ഈ പ്രദേശം. പ്രൊഫ.മാധവ് ഗാഡ്ഗിൽ കമ്മിറ്റി സോൺ ഒന്നിൽപ്പെടുത്തിയ മേപ്പാടി - നിലമ്പൂർ റോഡ് പ്രദേശം ഇതിനോട് ചേർന്നാണ്. അതുകൊണ്ട് തന്നെ ഇവിടെ നടക്കുന്ന കുന്നിടിക്കലും നിർമ്മാണ പ്രവർത്തനവും നിലവിലുള്ള എല്ലാ നിയമങ്ങളുടെയും ലംഘനമാണ്. (പരിസ്ഥിതി ദുർബല പ്രദേശ സംരക്ഷണ നിയമം, ഭൂസംരക്ഷണ നിയമം, മിച്ചഭൂമി നിയമം, തോട്ടം ഭൂമി സംരക്ഷണ നിയമം തുടങ്ങിയവ ഇവയിൽ ചിലത് മാത്രം.)

ആശുപത്രികളിൽ നിന്നും പുറത്ത് വരുന്ന ബയോ - മെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുറ്റമറ്റ രീതിയിൽ ഒരു സംവിധാനം നടപ്പിലാക്കാൻ കേരളത്തിൽ ഇതുവരെ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് തന്നെ അന്താരാഷ്ട്ര നിലവാരമുള്ള മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട അധികാരികളെ ബോധ്യപ്പെടുത്തുമ്പോഴും നിർമ്മാണം നടക്കുന്ന പ്ലാന്റ് മറ്റു മാലിന്യങ്ങളുടെ സംസ്കരണത്തിനാണെന്നും ആശുപത്രി മാലിന്യ സംസ്കരണം ഐ.എം.എ നടപ്പിലാക്കുന്ന 'ഇമേജ്' പദ്ധതിയുമായി സഹകരിച്ച് നടപ്പിലാക്കും എന്നുമാണ് മാധ്യമങ്ങൾക്ക് മുന്നിൽ മാനേജ്മെന്റ് പ്രതിനിധികൾ പ്രസ്താവിച്ചത്.

## ആശുപത്രിയുടെ മറവിൽ മലിനീകരണവും

നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മാലിന്യ പ്ലാന്റ് കുന്നിന്റെ താഴെയറ്റം നീർച്ചാലിനോട് ചേർന്നാണ്. അതുകൊണ്ട് തന്നെ നീർച്ചാലിൽ മാലിന്യം കലരാനും തടയണയിൽ നിന്ന് കവിഞ്ഞൊഴുകുന്ന വെള്ളത്തിലൂടെ അപകടകാരികളായ മാലിന്യം കാരാപ്പുഴ ജലസംഭരണിയിൽ എത്താനും ദൂരവ്യാപകമായ ആരോഗ്യപ്രശ്നത്തിന് (ക്യാൻസർ അടക്കമുള്ള മാരക രോഗങ്ങൾക്കും മഞ്ഞപ്പിത്തം അടക്കമുള്ള പകർച്ചവ്യാധികൾക്കും) കാരണമാകാനുള്ള സാധ്യത വളരെ കൂടുതലാണ്.

കാരാപ്പുഴ പദ്ധതി പ്രദേശത്തിന്റെ തൊട്ട് മുകൾഭാഗത്ത് മരം മുറിച്ച് മണ്ണിടിച്ച് കുന്നുകൾ നിരപ്പാക്കി നടത്തുന്ന പ്രവർത്തനങ്ങൾ വ്യാപകമായ മണ്ണൊലിപ്പിനും, ഭൂചലനത്തിനും കാരണമാകും. മൂന്നുവർഷം മുമ്പ് കേവലം മൂന്ന് മണിക്കൂർ മാത്രം മഴപെയ്തപ്പോൾ വ്യാപകമായ മലയിടിച്ചിൽ ഉണ്ടാവുകയും അത് കനത്ത നാശനഷ്ടങ്ങൾക്ക് കാരണമാവുകയും ചെയ്തു. മണ്ണൊലിപ്പിലൂടെ ജലസംഭരണിയുടെ മൊത്തം സംഭരണശേഷി കുറയുന്നത് മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചോ സാധാരണ ജനങ്ങൾക്കും കർഷകർക്കും ഉണ്ടാകാൻ പോകുന്ന കഷ്ടനഷ്ടത്തെക്കുറിച്ചോ യാതൊരു പഠനവും നടത്തിയിട്ടില്ല. ഏകദേശം 6 മുതൽ 12 ലക്ഷം ലിറ്റർ വെള്ളം പ്രതിദിനം ഒരു മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി വേണ്ടി വരുമെന്നാണ് പ്രൊജക്ട് റിപ്പോർട്ടും, നിരവധി പഠനങ്ങളും തെളിയിക്കുന്നത്. ഇത്തരത്തിൽ അമിതമായ ജലമെടുക്കൽ സംഭരണിയുടെ തൊട്ട് മുകൾഭാഗത്ത് നിന്ന് ഉണ്ടാകുന്നതോട് കൂടി പരിസരങ്ങളിലെ കിണർജലം മലിനമാകാനും ജലനിരപ്പ് താഴാനും ജലക്ഷാമം രൂക്ഷമാകാനും കാരണമാകും.

ആശുപത്രിയിൽ നിന്നുള്ള മലിനജലം ശുദ്ധീകരണ പ്ലാന്റിലൂടെ കടത്തിവിട്ട് അൾട്രാവയലറ്റ് രശ്മികൾ ഉപയോഗിച്ച് ശുദ്ധീകരിച്ച് പുറത്തുവരുന്ന ജലത്തിന്റെ 60% പുനരുപയോഗിക്കുകയും 40% തോട്ടം നനയ്ക്കാൻ ഉപയോഗിക്കുകയും ചെയ്യുമെന്നാണ് മാനേജ്മെന്റ് പ്രതിനിധികൾ ഇതുമായി ബന്ധപ്പെട്ടു നൽകിയ വിവരം. എന്നാൽ സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ട് തോട്ടം നനയ്ക്കാൻ ഉപയോഗിക്കുന്ന ജലത്തിൽ നല്ലൊരു ശതമാനവും വാർന്ന് കാരാപ്പുഴ ജലസംഭരണിയിൽ എത്താൻ മണിക്കൂറുകൾ മാത്രം മതിയാകും. ജില്ലയിലെ പകുതിയോളം പ്രദേശത്തെ കുടിവെള്ള പദ്ധതിയിലേക്ക് ആശ്രയിക്കുന്ന സംഭരണിയാണ് മലിനമാകുന്നതെന്ന് അധികാരികൾ ഗൗരവത്തിൽ എടുത്തിട്ടില്ല.

## അവിഹിത സ്വാധീനം

മിച്ചഭൂമി നിയമത്തിൽ നിന്ന് ഇളവ് നൽകാവുന്നതാണെന്ന മാനന്തവാടി സബ്കളക്ടറുടെ റിപ്പോർട്ടും റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള റവന്യു സെക്രട്ടറിയുടെ കത്തും മാത്രമാണ് ടൗൺ പ്ലാനറും, പഞ്ചായത്ത്

സെക്രട്ടറിയും നിർമ്മാണാനുമതി നൽകുന്നതിന് അടിസ്ഥാനമാക്കിയിരിക്കുന്നത്. എന്നാൽ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലത്ത് തോട്ടമായി സംരക്ഷിക്കുകയും, മിച്ച ഭൂമി നിയമത്തിൽ ഇളവു നൽകി തോട്ടം രജിസ്ട്രേഷനായി തന്നെ നിലനിൽക്കുമ്പോൾ ആവശ്യമായ പ്രത്യേകാനുമതി, സർക്കാർ നിർദ്ദേശം തുടങ്ങിയവ ലഭ്യമാകുന്നതിന് വളരെ മുൻപ് തന്നെ നിർമ്മാണ പ്രവർത്തനത്തിന് അനുമതി എന്നിവ നൽകിയത് മാനേജ്മെന്റ് നടത്തിയിരിക്കുന്ന അവിഹിത സ്വാധീനത്തിന്റെ തെളിവാണ്.

തോട്ടം നിയമത്തിൽകൊണ്ടുവന്നിട്ടുള്ള ഏറ്റവും പുതിയ ഭേദഗതിയടക്കം പരിഗണിച്ചാൽ പോലും 450 ഏക്കർ തോട്ട ഭൂമിയിൽ നിന്ന് അൻപത് ഏക്കർ തരം മാറ്റുന്നത് തീർത്തും നിയമ ലംഘനമാണ്.

സ്വകാര്യ - സ്വാശ്രയ മേഖലയിൽ ഒരു മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്നതിനായി അപേക്ഷ സമർപ്പിക്കണമെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ ചില നിബന്ധനകളും നിർദ്ദേശങ്ങളും നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് ഏതു സംസ്ഥാനത്തിലാണോ തുടങ്ങുന്നത് അവിടുത്തെ ആരോഗ്യവകുപ്പിൽ നിന്നും സമ്പാദിച്ച ആവശ്യകത സാക്ഷ്യപത്രം.

ഇതുപ്രകാരം മെഡിക്കൽ കോളേജ് ആരംഭിക്കാൻ ആഗ്രഹിക്കുന്ന സ്ഥാപനം/വ്യക്തി 150 കിടക്കകളുള്ള വിപുലമായ സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രി - മെഡിക്കൽ കോളേജായി ഉയർത്താൻ കഴിയുന്ന സ്ഥല സൗകര്യങ്ങളോടുകൂടിയത് - നടത്തുന്നവരായിരിക്കണം. ഈ ആശുപത്രിയുടെ നിലവാരത്തെക്കുറിച്ചും ഗവൺമെന്റ് ഉറപ്പ് നൽകിയിരിക്കണം. ഡോക്ടർ മൂപ്പൻസ് ട്രസ്റ്റ് വയനാട്ടിൽ ആരംഭിക്കാൻ ശ്രമിക്കുന്ന വിംസ് മെഡിക്കൽ കോളേജിനുവേണ്ടി എം.സി.ഐയിൽ നൽകിയ അപേക്ഷയോടൊപ്പവും, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മറ്റു കേന്ദ്രങ്ങളിൽ നൽകിയ അപേക്ഷ, പ്രൊജക്ട് റിപ്പോർട്ട് തുടങ്ങിയവയോടൊപ്പവും സമർപ്പിച്ചിരിക്കുന്ന (No. 38635/53/-2010/Hr FWD. Dated 13/092010) തീർത്തും അവാസ്തവികവും മാനേജ്മെന്റും ഭരണതലത്തിലെ ഉയർന്ന ഉദ്യോഗസ്ഥരും ചേർന്ന് നടത്തിയ കനത്ത അഴിമതിയുടെ സംസാരിക്കുന്ന തെളിവുമാണ്. ട്രസ്റ്റ് രജിസ്ട്രർ ചെയ്ത് ഒന്നര മാസത്തിനുള്ളിൽ നേടിയെടുത്തിരിക്കുന്ന ഈ രേഖ സാക്ഷ്യപ്പെടുത്തുന്നത് ഇവർ 300 കിടക്കകളുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രി-മെഡിക്കൽ കോളേജായി ഉയർത്താൻ കഴിയുന്നത് - നടത്തിവരുന്നു എന്നതാണ്. രണ്ട് വർഷത്തിനു ശേഷം ഇപ്പോൾ പോലും ഇത്തരത്തിൽ ഒരു ആശുപത്രി വയനാട്ടിൽ ഇല്ല എന്നത് പ്രശ്നത്തെ കൂടുതൽ ഗൗരവതരമാക്കുന്നു. ഇല്ലാത്ത ആശുപത്രി ഉണ്ട് എന്ന് സാക്ഷ്യപത്രം നൽകുക മാത്രമല്ല, തൃപ്തികരമായ സംവിധാനങ്ങളില്ലയെന്ന് ഭാവി പരിശോധനയിൽ കണ്ടെത്തുകയും അതിനകം മേൽ പറഞ്ഞ മാനേജ്മെന്റ് പ്രവേശനം നൽകിയിട്ടുമുണ്ടെങ്കിൽ വിദ്യാർത്ഥികളുടെ ഉത്തരവാദിത്വം കേരള ഗവൺമെന്റ് ഏറ്റെടുക്കുന്നു എന്ന് വിചിത്രമായ ഉറപ്പുകൂടി നൽകുകയാണ് ഈ ഉദ്യോഗസ്ഥൻ ചെയ്തിരിക്കുന്നത്.

സർട്ടിഫിക്കറ്റിൽ ഒപ്പ് വച്ചയാളിന്റെ പേരോ, ഉദ്യോഗ പേരോ എഴുതാതെ സർട്ടിഫിക്കറ്റ് നൽകുകയും ഇല്ലാത്ത ഹോസ്പിറ്റൽ ഉണ്ട് എന്ന് കളവായി ബോധ്യപ്പെടുത്തുകയും ചെയ്ത ഉദ്യോഗസ്ഥനെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഇത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കപ്പെടും. അതുകൊണ്ട് സർക്കാർ ഔദ്യോഗിക തലത്തിലും ക്രിമിനൽ നിയമപ്രകാരവും ശക്തമായ നടപടി സ്വീകരിക്കുകയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ ഔദ്യോഗികമായി അറിയിപ്പു നൽകുകയും വേണം. ഒരു പ്രദേശത്ത് 50 കോടിയിൽ കൂടുതൽ രൂപ മുടക്കുമുതലിൽ ആരംഭിക്കുന്ന ഏതൊരു പദ്ധതിക്കും പരിസ്ഥിതി ആഘാത പഠനവും, പൊതു തെളിവെടുപ്പും നടത്തണമെന്ന് നിയമം നിലനിൽക്കുമ്പോൾ തന്നെ അത്തരം നടപടികളൊന്നും ഇവിടെ എടുത്തിട്ടില്ലയെന്ന് സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നുള്ള രേഖകൾ തെളിയിക്കുന്നു. ഗ്രാമപഞ്ചായത്ത് ഗ്രാമസഭയിലോ, പ്രത്യേക സമ്മേളനത്തിലോ യാതൊരു അഭിപ്രായ രൂപീകരണമോ, തെളിവെടുപ്പോ ഇല്ലാതെയാണ് അനുമതി നൽകിയിരിക്കുന്നത്. പഞ്ചായത്തിന്റെയും, റവന്യൂ വകുപ്പിന്റെയും ഭാഗത്ത് നിന്ന് കൃത്യവിലോപവും, നിരുത്തരവാദപരമായ സമീപനവും, പദവി ദുരുപയോഗം ചെയ്യലും നടന്നിരിക്കുന്നു. സർക്കാർ മെഡിക്കൽ കോളേജിന് സൗജന്യമായി സ്ഥലം ലഭ്യമായിട്ടും പ്രാഥമിക പ്രവർത്തനങ്ങൾക്കായി ബജറ്റിൽ തുക അനുവദിക്കുകയും ചെയ്തിട്ടും അനങ്ങാത്ത ജനപ്രതിനിധികൾ ഈ സ്ഥാപനത്തിനോട് സ്വീകരിക്കുന്ന നിലപാട് തികച്ചും അപലപനീയമാണ്.

## ആരുടെ ആരോഗ്യം?

പരിസ്ഥിതിക്കും കാലാവസ്ഥയ്ക്കും ഗുരുതരമായ പരിക്കുണ്ടാക്കുന്ന ഈ പദ്ധതി വയനാട്ടിലെ ആരോഗ്യ പിന്നോക്കാവസ്ഥയ്ക്ക് യാതൊരു മാറ്റവും വരുത്തില്ലായെന്നും മെഡിടൂറിസം പദ്ധതിയും അതുവഴി വരുന്ന വിദേശ നാണ്യവുമാണ് അവർ പ്രതീക്ഷിക്കുന്നതെന്നും സ്ഥാപനത്തിന്റെ വെബ്സൈറ്റും ബഹുവർണ്ണ ലഘുലേഖയും സാക്ഷ്യപ്പെടുത്തുന്നുണ്ട്. വൈദ്യശാസ്ത്ര നൈതികതയ്ക്ക് മരുന്നു പരീക്ഷണങ്ങളെ കുറിച്ച് വ്യാപകമായ വെളിപ്പെടുത്തലുകൾ ഉണ്ടാകുകയും വിംസ് ട്രസ്റ്റിലെ അംഗങ്ങൾക്കും ചെയർമാനും നിർണ്ണായക പങ്കാളിത്തമുള്ള കോഴിക്കോട്ടെ മലബാർ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എം.ആ.എം.എസ്) എന്ന സ്ഥാപനം പ്രതിസ്ഥാനത്ത് വരികയും ചെയ്തത് അവഗണിക്കാവുന്നതല്ല. അമൃതയും മിംസും അടക്കമുള്ള മുഴുവൻ ആശുപത്രികളും ഇത്തരത്തിലുള്ള അസാന്മാർഗ്ഗിക മരുന്നു പരീക്ഷണത്തിനു ഇരകളെ കണ്ടെത്തിത് സൗജന്യ മെഡിക്കൽ ക്യാമ്പുകളിലൂടെയും ചികിത്സ സഹായ പദ്ധതികളിലൂടെയുമാണ്. അതുകൊണ്ട് തന്നെ പ്രദേശവാസികൾ, ആദിവാസികൾ, ബി.പി.എല്ലുകാർ തുടങ്ങിയവർക്ക് സൗജന്യനിരക്കിൽ സേവനം നൽകും എന്നു പറയുന്നതിനു മുകളിൽ യാതൊരുതരത്തിലുള്ള വിശദാംശങ്ങളോ, സർക്കാറിന് എന്തെങ്കിലും തരത്തിലുള്ള നിരീക്ഷണ അവകാശങ്ങളോ നൽകിയിട്ടുമില്ല.